നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഉണ്ട്.

(ബി) ഗമ്പള സ്കെയിലുകളും പുനർ നിർണ്ണയം, പുതുക്കിയ രീതിയിലുള്ള ക്ഷാമബത്ത, റിസ്ക് അലവൻസ്, സ്റ്റഡിച്ചിംഗ് ചാർജ്ജ്, ബ്രൂം അലവൻസ്, വീട്ടുവാടക, ഉദ്യോഗക്കയറ്റത്തിനുള്ള സാദ്ധ്യതകൾ, ഭവന നിർമ്മാണ പരിപാടികൾ എന്നിവയെ സംബന്ധിച്ച ബൃഹത്തായ നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത്.

(സി) ഈ നിർദ്ദേശങ്ങൾ ഗവൺമെൻറിന്റെ സജീവ പരിഗണനയിലാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : മുനിസിപ്പൽ തൊഴിലാളികളുടെ വേജ് ബോർഡ് നിർദ്ദേശത്തെ മറികടക്കുന്നതിനുവേണ്ടി സർക്കാർ ജീവനക്കാർക്ക് കൊടുക്കുന്നതുപോലുള്ള ആനുകൂല്യം മുനിസിപ്പൽ തൊഴിലാളികൾക്ക് കൊടുക്കണമെന്ന് ഗവൺമെൻറ് പ്രഖ്യാപിച്ചതായി പത്രത്തിൽ വാർത്ത വന്നിട്ടുണ്ട്. അത് വേജ് ബോർഡ് നിർദ്ദേശത്തെ മറികടക്കുന്നതിനുള്ള വേദിയായി എടുക്കുകയാണ് ?

ശ്രീ. കെ. എം. മാണി : ദോഷൈകദൃക്കുകൾക്ക് മാത്രമേ ഗവൺമെൻറ് കണ്ടിൻജൻസി ജീവനക്കാരുടെ താൽപ്പര്യത്തെ അപകടത്തിലാക്കാൻ വേണ്ടി ആലോചിക്കുന്നുവെന്ന് പറയാൻ കഴിയൂ. ഗവൺമെൻറ്, കണ്ടിൻജൻസി ജീവനക്കാരുടെ ഉത്തമമായ താൽപ്പര്യങ്ങൾ മുഴുവൻ പരിരക്ഷിക്കുന്നതിനുവേണ്ടി അടിയന്തിര നടപടികൾ സ്വീകരിക്കാൻ പോകുകയാണ്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

വഖഫ് ബോർഡ് ഫണ്ട്

* 200. [220] ശ്രീ. വി. ജെ. തങ്കപ്പൻ :
,, വർക്കല രാധാകൃഷ്ണൻ :
,, റനി. കെ. അബ്ദു :
,, കെ. മൂസ്സക്കുട്ടി :
,, കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വഖഫ് ബോർഡ് ഫണ്ട് ഏതെല്ലാം കാര്യങ്ങൾക്കാണ് ഉപയോഗിക്കുന്നത് ;

(ബി) ഫണ്ട് ദുർവിനിയോഗം ചെയ്യുന്നതായി എന്തെങ്കിലും പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) :

(എ) സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കും ദൈനംദിന ചെലവുകൾക്കുമാണ് ഉപയോഗിക്കുന്നത്.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly